ണ്ടാവണം. കാരണം, യൂറോപ്പിലെ ഏക ദ്രാവിഡഭാഷയാണ് യൂസ്കാര എന്നു കരുതുന്നവർ കുറവല്ല. ദ്രാവിഡ ഭാഷകളുടെ പല സവിശേഷതകളും യൂസ്കാര ഭാഷയിൽ ഭാഷാശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. യൂസ്കാരയുടെ അക്ഷരമാല ദ്രാവിഡഭാഷകളുടെ അക്ഷരമാലയോട് വളരെ അടുത്തു നിൽക്കുന്നു. ആ ഭാഷയിൽ, തമിഴ്—മലയാളങ്ങളിലെന്ന പോലെ, ര, റ എന്നിവ രണ്ടു വ്യത്യസ്ത സ്വനിമങ്ങൾ ആണ്. അതു പോലെ ശ, ഷ, സ എന്നിവ തമ്മിലുള്ള വ്യത്യാസവും യൂസ്കാര അക്ഷരമാല നിലനിർത്തുന്നു. തമിഴിലെന്നപോലെ യൂസ്കാരയിലും ഒരു വാക്കും 'ര'കൊണ്ടു തുടങ്ങുന്നില്ല. 'രാമൻ' തമിഴിൽ 'ഇരാമൻ' ആകുന്നതുപോലെ 'രേഗേ' (ലാററിൻ: രാജാവ് എന്നർത്ഥം) യൂസ്കാരയിൽ 'ഇരേഗേ' ആകുന്നു. യൂസ്കാരയുടെ പദനിഷ്പാദനസമ്പ്രദായത്തിലും ദ്രാവിഡഭാഷാസാദൃശ്യം പ്രകടമാണ്. ദ്രാവിഡഭാഷകളിലെന്നപോലെ യൂസ്കാരയിലും ധാതുക്കൾക്കു പിന്നിൽ (മുന്നിലല്ല) പ്രത്യയങ്ങൾ ചേർക്കുന്നതാണ് സാധാരണം. ഒന്നിനു പിറകിലൊന്നായി പല പ്രത്യയങ്ങൾ ചേർക്കുന്ന സമ്പ്രദായവും, പ്രത്യയങ്ങൾ ധാതുക്കളിൽ കലർന്നൊന്നാകാതെ വിട്ടുനില്ക്കുന്ന രീതിയും (അഗ്ളൂട്ടിനേഷൻ) ദ്രാവിഡഭാഷകളിലെന്നപോലെ യൂസ്കാരയിലും കാണാം. തമിഴിലെപ്പോലെ യൂസ്കാരയിലും നാമവും ക്രിയയും തമ്മിൽ പൊരുത്തം വേണം. വാക്യത്തിലെ പദവിന്യസന ക്രമത്തിലും (സിൻറാക്സ്) യൂസ്കാര യൂറോപ്യൻ ഭാഷകളിൽനിന്ന് അകന്നും ദ്രാവിഡഭാഷകളുമായി അടുത്തും സ്ഥിതിചെയ്യുന്നു.

ദക്ഷിണേന്ത്യൻ ഭാഷാശാസ്ത്രജ്ഞന്മാർ യൂസ്കാരയിൽ അവഗാഹം നേടേണ്ടതിൻെറ ആവശ്യം ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമായിരിക്കുമല്ലോ. യൂസ്കാര ഒരു ദ്രാവിഡഭാഷയാണെന്നു തെളിയിക്കപ്പെടുന്നപക്ഷം, ദ്രാവിഡജനതയുടെ പ്രാഗൈതിഹാസികചരിത്രത്തിന് അതൊരു പുതിയ സംഭാവനയായിരിക്കും; ഒരു ദുർഘടപ്രശ്നവും.

(17 ജൂൺ, 1983)

# 71. ഏഷ്യാററിക് സൊസൈററി

'ഏഷ്യാററിക് സൊസൈററിയുടെ ഇരുനൂറാം വാർഷികം സംബന്ധിച്ച ആഘോഷങ്ങൾ ജനവരി രണ്ടാമത്തെ ആഴ്ചയിൽ കൽക്കട്ടയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനംചെയ്തു. രാഷ്ട്രീയമായി അധഃപതനത്തിൻെറ അഗാധഗർത്തത്തിൽ ആണ്ടുകിടന്ന ഇന്ത്യയും മററു പൗരസ്ത്യ രാജ്യങ്ങളും സഹസ്രാബ്ദങ്ങളിലൂടെ സഞ്ചയിച്ചു സംരക്ഷിച്ചുപോന്ന സംസ്കാര ഭണ്ഡാഗാരത്തിലേക്കു പാശ്ചാത്യരാജ്യങ്ങളിലെ പണ്ഡിതന്മാരുടെ ശ്രദ്ധ ആകർഷിക്കുകയും, പൗരസ്ത്യവിജ്ഞാന ഗവേഷണ—പ്രചാരണങ്ങൾക്കുള്ള ഊർജസ്വലകേന്ദ്രമായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തുവഴി സൊസൈററി മാനവസംസ്കാരത്തിനു നല്കിയ അദ്വിതീയമായ സേവനത്തെ എത്ര പുകഴ്ത്തിയാലും അധികമാവുകയില്ല.

'ഏഷ്യയുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ മനുഷ്യൻ നിർവഹിച്ചതും പ്രകൃതി നിർമിച്ചതുമായ എല്ലാററിനെയും 'പററി പഠിക്കുകയെന്ന ലക്ഷ്യമാണ് 1784 ജനവരി 15—ാം തീയതി ഏഷ്യാററിക് സൊസൈററി സ്ഥാപിച്ച അവസരത്തിൽ, സ്ഥാപകനും ആദ്യത്തെ പത്തു വർഷങ്ങളിൽ അതിൻെറ പ്രമുഖ പ്രവർത്തകനുമായിരുന്ന സർ

വില്യം ജോൺസ് അതിനു കല്പിച്ചത്. സൊസൈററി ഉദ്ഘാടനം ചെയ്തുകൊണ്ട്, അതിലെ അംഗങ്ങളോട് അദ്ദേഹം നിർദേശിച്ചു: 'പ്രകൃതിയുടെ അതിബൃഹത്തായ സംരചനയിൽ അസാധാരണമായ എന്തിനെക്കുറിച്ചും നിങ്ങൾ അന്വേഷിക്കണം; ഏഷ്യയുടെ ഭൂമിശാസ്ത്രത്തിൽ വന്നുപെട്ട തെററുകൾ പുതിയ നിരീക്ഷണങ്ങൾകൊണ്ടും കണ്ടുപിടിത്തങ്ങൾകൊണ്ടും തിരുത്തണം; അതാതു കാലത്തു് ഏഷ്യയെ ജനങ്ങളെക്കൊണ്ടു നിറയ്ക്കുകയും ജനശൂന്യമാക്കുകയുംചെയ്തുപോന്ന രാഷ്ട്രങ്ങളുടെ ചരിത്രവും പാരമ്പര്യങ്ങളും പഠിച്ച് അനുക്രമമായി വിവരിക്കണം; ഈ രാഷ്ട്രങ്ങളുടെ സാമൂഹ്യവും മതപരവുമായ സ്ഥാപനങ്ങളടക്കം അവയുടെ വ്യത്യസ്ത ഭരണരൂപങ്ങളെപ്പററിയുള്ള അറിവു് പരത്തണം.'

ഏഷ്യാററിക് സൊസൈററിയുടെ ആദ്യകാലനേട്ടങ്ങൾ, ഏഷ്യയിലും യൂറോപ്പിലും സമാനങ്ങളായ മററു പല സ്ഥാപനങ്ങളും നിലവിൽ വരുന്നതിനു് ഉത്തേജനം നല്കി. 1810–ൽ റഷ്യയിലെ സെൻറ് പീറേഴ്സ് ബർഗിൽ(ഇന്നത്തെ ലെനിൻ ഗ്രാഡിൽ) സ്ഥാപിച്ച 'ഏഷ്യാററിക് അക്കാദമി' 1822–ൽ പാരീസിൽ സ്ഥാപിച്ച 'സൊസൈററി ഏഷ്യാററിക്'', 1829–ൽ ലണ്ടനിൽ സ്ഥാപിച്ചതും പിന്നീടു പല പൗരസ്ത്യരാജ്യങ്ങളിലും ശാഖകൾ തുറന്നതുമായ 'റോയൽ ഏഷ്യാററിക് സൊസൈററി' എന്നിവ, ഇക്കൂട്ടത്തിൽ, പ്രത്യേകം പരാമർശം അർഹിക്കുന്നു.

ഏഷ്യയെപ്പററി യൂറോപ്യന്മാർക്കുള്ള ധാരണയെ ആമൂലചൂഡം മാററുന്നതിനു് ഈ സ്ഥാപനങ്ങളുടെ നിസ്തന്ദ്രമായ ഗവേഷണം ഉപകരിച്ചു. അതിലുപരി, തങ്ങളുടെ സാംസ്കാരികപാരമ്പര്യങ്ങളെ പുതിയ വെളിച്ചത്തിൽ വീണ്ടും കണ്ടറിയുന്നതിനു് ഏഷ്യൻ ജനതകൾക്കു കഴിവു നല്കിയതു് ഈ ഗവേഷണമാണു്. ഏഷ്യൻ നവോത്ഥാനത്തിനു വിത്തു പാകിയതു് ഏഷ്യാററിക് സൊസൈററിയിലൂടെ ലോകമെങ്ങുമുള്ള പ്രശസ്ത പണ്ഡിതന്മാർ നടത്തിയ ഗവേഷണ–വിജ്ഞാനവ്യാപനങ്ങളായിരുന്നു എന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. മാനവിക–വൈജ്ഞാനിക മണ്ഡലങ്ങൾക്കു് ഏഷ്യാററിക് സൊസൈററി നൽകിയ സംഭാവന ഏതൊരു സ്ഥാപനത്തിനും അഭിമാനത്തിനു വകനല്കുന്നതാണു്. ഇന്ത്യയിൽ ആധുനികവിജ്ഞാനത്തിൻെറ വിഭിന്നശാഖകളിൽ പഠനത്തിൻെറയും ഗവേഷണത്തിൻെറയും തുടക്കം കുറിച്ചതു് സൊസൈററി ആയിരുന്നു. ഇന്ത്യാഗവണ്മെൻറ് 1818–ൽ ആരംഭിച്ച ട്രിഗണോമെട്രിക്കൽ സർവേ, 1851–ൽ ആരംഭിച്ച ജിയോളജിക്കൽ സർവേ, 1911–ൽ ആരംഭിച്ച മെററിയോറോളോജിക്കൽ സർവേ, 1912–ൽ ആരംഭിച്ച ബൊട്ടാനിക്കൽ സർവേ എന്നിവയെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാം. സൊസൈററിയുടെ നിർദ്ദേശം അനുസരിച്ചാണു് 1913–ൽ ഇന്ത്യൻ സയൻസ് കോൺഗ്രസ് നിലവിൽവന്നതു്. അടുത്തകാലത്തു് 'ഭാരതീയ വിജ്ഞാനചരിത്രം' സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിൽ 'നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസു'മായി സൊസൈററി സഹകരിച്ചു.

ഭൗതികവിജ്ഞാനത്തിൻെറ വിഭിന്നമേഖലകളിൽ അനുസന്ധാന–പഠനങ്ങൾ നടത്തുന്നതിൻെറ ചുമതല സർക്കാർ ഏറെറടുത്തപ്പോൾ, സൊസൈററി മാനവികവിഭാഗങ്ങളുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സാഹിത്യം, ഭാഷാവിജ്ഞാനം, ചരിത്രം, കല, മതം, പുരാതത്വം, ദർശനം, ജനവിജ്ഞാനം, ശാസനങ്ങൾ, പുരാലേഖവിജ്ഞാനം, നാണയവിജ്ഞാനം തുടങ്ങി മാനവികവിജ്ഞാനത്തിൻെറ വ്യത്യസ്ത ശാഖകൾക്കു സൊസൈററി നൽകിയ സംഭാവന അതിവിപുലമത്രേ. സംസ്കൃതസാഹിത്യം, ബുദ്ധമതം, ഇസ്ലാം, ശാസനങ്ങൾ, നാണയങ്ങൾ എന്നിവയുടെ പഠനത്തിനു സൊസൈററി ഇപ്പോഴും ഫെല്ലോഷിപ്പുകൾ നല്കിവരുന്നുണ്ടു്. സംസ്കൃതം, പേഴ്സ്യൻ, അറബിക് എന്നീ ഏഷ്യൻ

ഭാഷകൾക്ക സൊസൈററിചെയ്ത സേവനങ്ങൾ വിലമതിക്കാനാവാത്തവയാണ്. പാശ്ചാത്യരും പൗരസ്ത്യരുമായ എത്രയോ ധിഷണാശാലികളുടെ സേവനം സൊസൈററി പരമാവധി ഉപയോഗപ്പെടുത്തുകയുണ്ടായി. സൈനികമായും സാമ്പത്തികമായും രാഷ്ട്രീയമായും ഉല്ക്കർഷത്തിൻെറ ചരമസീമയിലെത്തിനില്ക്കുന്ന യൂറോപ്പിൻെറ മുന്നിൽ തലയുയർത്തിനില്ക്കുന്നതിനുള്ള കരുത്ത് ഏഷ്യയിലെ പരാജിതജനതകൾക്ക് ഏഷ്യാററിക് സൊസൈററി നൽകി. ആധുനിക ഭാരതീയഭാഷകളുടെ പുരോഗതിയുടെ മാർഗം പ്രദീപ്തമാക്കുന്നതിനും സൊസൈററിയുടെ പ്രവർത്തനങ്ങൾ ഉപകരിച്ചു. ഈസ്റ്റിന്ത്യാകമ്പനിയുടെയും, പിന്നീട് ബ്രിട്ടീഷ് ഗവണ്മെൻറിൻെറയും, പല ഉദ്യോഗസ്ഥന്മാരും സംസ്കൃതം, പേഴ്സ്യൻ, അറബിക്, ആധുനിക ഭാരതീയഭാഷകൾ എന്നിവയുടെ പഠനത്തിൽ തല്പരരായി. ഇന്ത്യയിൽ അച്ചടി പ്രചരിപ്പിച്ചതും ഇവരിൽ ചിലരാണ്. ഇവരുടെയെല്ലാം പ്രവർത്തനകേന്ദ്രം ഏഷ്യാററിക് സൊസൈററി ആയിരുന്നു.

ഈ പണ്ഡിതന്മാരുടെ ഗവേഷണഫലങ്ങൾ പൊതുജനങ്ങൾക്ക ലഭ്യമാക്കുന്നതിനു 'ഏഷ്യാററിക് റിസേർച്ചസ്' എന്ന പ്രസിദ്ധീകരണം 1788—ൽ സൊസൈററി ആരംഭിച്ചു. 1849—നകം ഇതിൻെറ ഇരുപതു വാല്യങ്ങൾ പ്രകാശിതങ്ങളായി. സൊസൈററിയുടെ സുപ്രസിദ്ധമായ 'ജേർണൽ' പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു 1832—ലാണ്. പഴയ പ്രൗഢി നഷ്ടപ്പെട്ടെങ്കിലും, പേരിലും കെട്ടിലും മട്ടിലും പല മാററങ്ങളും വന്നുവെങ്കിലും, അതിൻെറ പ്രസിദ്ധീകരണം ഇപ്പോഴും നടന്നുവരുന്നു. 'ജേർണൽ ഓഫ് ദി ഏഷ്യാററിക് സൊസൈററി ഓഫ് ബംഗാൾ' എന്ന പേരിൽ, 1832 മുതൽ 1904 വരെ ഇതിൻെറ എഴുപത്തഞ്ചു വാല്യങ്ങൾ ഒന്നാം സീരീസ് ആയി പ്രസിദ്ധീകരിച്ചു. 1905 മുതൽ 1934 വരെ പ്രസിദ്ധീകരിച്ച മുപ്പതു വാല്യങ്ങൾ രണ്ടാമത്തെ സീരീസ് ആയാണു കണക്കാക്കുന്നതു്. 1935 മുതൽ 1952 വരെ മൂന്നാമത്തെ സീരീസ് അതേ പേരിൽ പുറത്തു വന്നു. 1953—ൽ ഇതിൻെറ പേരു് 'ജേർണൽ ഓഫ് ദി ഏഷ്യാററിക് സൊസൈററി' എന്നാക്കി ചുരുക്കി. ഈ ജേർണലിൻെറ പഴയ ലക്കങ്ങൾ ഭാരതീയ വിജ്ഞാനഗവേഷകരെ സംബന്ധിച്ചിടത്തോളം അനശ്വരഖനിയായി എന്നും നിലകൊള്ളും. 1848—ൽ എച്ച്. എച്ച്. വിൽസൻെറ പ്രവർത്തനഫലമായി പ്രകാശനമാരംഭിച്ച 'ബിബ്ളിയോത്തെക്ക ഇൻഡിക്കയാണ് സൊസൈററിയുടെ പ്രസ്താവാർഹമായ മറെറാരു പ്രസിദ്ധീകരണം. ഇവയ്ക്കു പുറമേ അമൂല്യങ്ങളായ പല ഗവേഷണപ്രസിദ്ധീകരണങ്ങളും സൊസൈററിയുടെ വകയായി വേറെയുമുണ്ട്.

സൊസൈററിയുടെ ഗ്രന്ഥാലയം അത്യന്തം സമ്പന്നമാണ്. മുദ്രിതപുസ്തകങ്ങൾക്ക പുറമേ, പല ഏഷ്യൻ ഭാഷകളിലായി നാല്പത്തീരായിരത്തോളം കൈയെഴുത്തുപ്രതികൾ ഇവിടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ഇരുപത്തേഴായിരം സംസ്കൃതഗ്രന്ഥങ്ങൾ അടങ്ങുന്നു. ആറായിരത്തോളം ഗ്രന്ഥങ്ങൾ പേഴ്സ്യൻ—അറബിക് ഭാഷകളിലുള്ളവയാണ്. ചൈനീസ്, തിബത്തൻ, ബർമീസ്, സയാമീസ് മുതലായ ഭാഷകളിലാണു മററു ചില ഗ്രന്ഥങ്ങൾ. ചരിത്രപരമായി വളരെ വിലപിടിച്ച ചെമ്പുപട്ടയങ്ങൾ, നാണയങ്ങൾ മുതലായവയും സൊസൈററിയുടെ ശേഖരത്തിൽ ഉൾപ്പെടുന്നു.

നിർഭാഗ്യവശാൽ സ്വാതന്ത്ര്യാനന്തര ദശകങ്ങളിൽ ഏഷ്യാററിക് സൊസൈററി വളരുകയല്ല, തളരുകയാണുചെയ്തതു്. സൊസൈററിയുടെ നിയന്ത്രണം പണ്ഡിതന്മാരുടെ കൈയിൽനിന്നു് ഉദ്യോഗമേധാവികളുടെ കൈയിലേക്കു നീങ്ങി. രാഷ്ട്രീയച്ചരടുവലികൾ അതിൻെറ

അധഃപതനത്തിന് ആക്കംകൂട്ടി. സൊസൈററിയുടെ ബുദ്ധിപരമായ പ്രവർത്തനം മന്ദീഭവിച്ചു. ജേർണൽ ക്രമമായി പ്രസിദ്ധീകരിക്കാതായി. ഗ്രന്ഥാലയസംരക്ഷണം അവഗണിക്കപ്പെട്ടു. ഇതു നിമിത്തം, അമ്പതുലക്ഷം രൂപ വരുന്ന രണ്ടു ലക്ഷം അപൂർവപുസ്തകങ്ങൾക്ക നികത്താനാവാത്ത നാശം സംഭവിച്ചിട്ടുള്ളതായി കഴിഞ്ഞ ആണ്ടിൽ പറഞ്ഞു കേട്ടിരുന്നു. ചരിത്രപ്രാധാന്യമുള്ള ചില ചെമ്പുപട്ടയങ്ങളും അറബിക് പേഴ്സ്യൻ—കൈയെഴുത്തുപ്രതികളും കാണാതായി. 1969—ൽ നൂററിയെഴുപത്തിയെട്ട് പഴയ സ്വർണനാണ്യങ്ങൾ സൊസൈററിയിലുണ്ടായിരുന്നു. അവയിൽ പലതും ഇന്നു മറെറവിടെയോ ആണ്. കൈയെഴുത്തുപ്രതികളിൽ എത്ര എണ്ണം കേടുവന്നിട്ടുണ്ടെന്നോ, എത്ര എണ്ണം നഷ്ടപ്പെട്ടുവെന്നോ ആർക്കും അറിവില്ല. സൊസൈററിയുടെ നടത്തിപ്പിൽ അടുത്തകാലത്തു സംഭവിച്ച ഗുരുതരങ്ങളായ കോട്ടങ്ങളിലേക്കാണ് ഈ വസ്തുതകൾ വിരൽ ചൂണ്ടുന്നതു്.

സൊസൈററിയെ സാമ്പത്തികമായി സഹായിക്കാൻ ഇപ്പോൾ കേന്ദ്രഗവണ്മെൻറ് മുന്നോട്ടു വന്നിട്ടുണ്ട്. 'ദേശീയപ്രാധാന്യമുള്ള ഒരു സ്ഥാപന'മായി സൊസൈററിയെ കേന്ദ്രഗവണ്മെൻറ് അംഗീകരിക്കും; അതിനു് ഒരു സർവകലാശാലയുടെ പദവി നൽകുകയുംചെയ്യും. സൊസൈററിക്കു് ഒരു പെുതുനിലക്കെട്ടിടം പണിയാൻ കേന്ദ്രഗവണ്മെൻറ് രണ്ടു കോടി രൂപ നൽകുന്നതാണ്. ഇതോടെ സൊസൈററിയുടെ സാമ്പത്തികനില ഭദ്രമായേക്കാം.

പക്ഷേ, പഴയ ആന്തരമഹിമ വീണ്ടെടുക്കാൻ സൊസൈററിക്കു കഴിയുമോ? സൊസൈററിയും ബംഗാൾഗവണ്മെൻറും തമ്മിൽ ഏറെക്കുറെ ശത്രുതാമനോഭാവമാണു പുലർത്തിവരുന്നതു്. സൊസൈററിയുടെ ഇപ്പോഴത്തെ പ്രവർത്തകർ, പ്രത്യേകിച്ചു് സെക്രട്ടറി ശ്രീ ചന്ദൻ റായി ചൗധരി, ഇപ്പോൾ ബംഗാൾ ഭരിക്കുന്ന ഇടതുപക്ഷമുന്നണിയുമായി നിരന്തരമായ കലഹം നടത്തിവരുകയാണെന്നു് ജനവരി 15—ലെ 'ഹിന്ദു'വിൽ കാണുന്നു. സൊസൈററിയുടെ രണ്ടാം ശതവാർഷികം സംബന്ധിച്ച ചടങ്ങുകളിൽ ബംഗാൾ പ്രധാനമന്ത്രി ജ്യോതിബാസു പങ്കെടുത്തില്ല. അവസാനഘട്ടത്തിൽ മാത്രമേ ഈ ചടങ്ങുകളുമായി ബംഗാൾമന്ത്രിസഭ സഹകരിച്ചുള്ളു. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള സമരം സൊസൈററിയുടെ ദ്വിശതവാർഷികാഘോഷത്തിലും കറുത്ത നിഴൽ വീഴ്ത്തുകയുണ്ടായി.

ഇന്ത്യയടക്കം ഏഷ്യയിലെ എല്ലാ യൂറോപ്യൻ കോളനികളും രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കഴിഞ്ഞുവെങ്കിലും, പൗരസ്ത്യസംസ്കാരങ്ങളുടെ അഗാധപഠനത്തിന്റെ പ്രസക്തി ഇന്നും ഇല്ലാതായിട്ടില്ല. ഏതാനും ശതവർഷങ്ങളുടെ മാത്രം ആയുസ്സുള്ള പാശ്ചാത്യ—ഭൗതിക സഭ്യത ഇന്നു് അസാധാരണമായ പ്രതിസന്ധിയിലാണ് എത്തിനില്ക്കുന്നതു്. അണു—ആയുധ യുദ്ധഭീഷണി മാനവസംസ്കാരത്തിന്റെ മൗലികമായ ഒരു ദുർബലതയുടെ സൂചന മാത്രമാണ്. ആഴത്തിൽ നിദാനനിർണയംചെയ്തു് ശാമകവും ശോധകവുമായ ചികിത്സ നടത്തേണ്ട ചില രോഗങ്ങൾ മനുഷ്യാത്മാവിനെ ബാധിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ രണ്ടു നൂററാണ്ടുകൾക്കിടയിലുണ്ടായ ഭൗതിക—യാന്ത്രിക സഭ്യതയുടെ പൊട്ടിത്തഴച്ചുവളരലിനു മുമ്പു് ആയിരത്താണ്ടുകളിലൂടെ മനുഷ്യവർഗം സംഭരിച്ച വിവേകം പൗരസ്ത്യവിജ്ഞാനത്തിൽ ഇപ്പോഴും സുരക്ഷിതമായിരിക്കുന്നു. ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനു് ഈ വിവേകം ഉപയോഗപ്പെടുമോ എന്നു് അന്വേഷിക്കുന്നതു തീർച്ചയായും ഒരു അന്ധവിശ്വാസമല്ല. പൗരസ്ത്യ വിജ്ഞാനപഠനത്തിന്റെ

സമകാലപ്രസക്തി ഇതാണ്. ഈ പഠനത്തിൽ പല പ്രദർശകസേവനം അനുഷ്ഠിച്ച ഏഷ്യാററിക് സൊസൈററിയെ പുനരുജ്ജീവിപ്പിച്ച് പഴയ മഹിമയിലേക്ക് ഉയർത്തുവാൻ സ്വതന്ത്രഭാരതം ആത്മാർത്ഥമായ പരിശ്രമം നടത്തുകതന്നെവേണം.

(19 ജനുവരി, 1984)

# 72. ഡെപ്പോസിററ് ലൈബ്രറികൾ

വിജ്ഞാനത്തിന്റെ സംഭരണത്തിനും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള മുഖ്യ ഉപാധികളാണു പുസ്തകങ്ങൾ. മനുഷ്യചരിത്രത്തിൽ ആയിരത്താണ്ടുകളായി ഇതാണു നില; ഇനിയും ആയിരത്താണ്ടുകളോളം ഈ നില തുടരുമെന്നാണു വിശ്വസിക്കേണ്ടതു്. പുസ്തകങ്ങളുടെ ബാഹ്യാകൃതിക്കു മാററമുണ്ടാകാം; തോൽച്ചുരുളുകളിൽനിന്നും പനയോലകളിൽനിന്നും കടലാസിലേക്കു മാറിയപ്പോൾ സംഭവിച്ചതുപോലെ. എങ്കിലും പുസ്തകം മനുഷ്യജീവിതത്തിൽ തികച്ചും അപ്രസക്തമായിത്തീരുമെന്ന് ഇന്ന് ഒരു ഫ്യൂച്ചറോളജിസ്റ്റും (ഭവിഷ്യവിജ്ഞാനിയും) കരുതുന്നില്ല.

എല്ലാ പുസ്തകങ്ങളും വായിക്കാനുള്ളവയാണ്; ഓരോ പുസ്തകത്തിനുമുണ്ട് അതിന്റേതായ വായനക്കാർ. അതിനാൽ, ലോകത്തിൽ ഇന്നോളം ഉണ്ടായ എല്ലാ പുസ്തകങ്ങളുടെയും വിവരം കാററലോഗുകളിലൂടെ ആവശ്യക്കാർക്കു ലഭ്യമാക്കണം; നിലവിലുള്ള എല്ലാ പുസ്തകങ്ങളും എവിടെയെങ്കിലുമൊരിടത്ത്, ആവശ്യക്കാർക്കു കിട്ടുമാറ്, സംരക്ഷിക്കുകയും വേണം. ഇതിനുള്ള ആദ്യപടിയാണ് ഓരോ രാജ്യത്തും നിർമിക്കപ്പെടുന്ന പുസ്തകങ്ങൾ അതാതു രാജ്യത്തു സ്ഥിരമായി സൂക്ഷിക്കാൻ ഉതകുന്ന ഡെപ്പോസിററ് ലൈബ്രറികൾ ഉണ്ടാക്കുകയെന്നതു്.

ഇന്ത്യയിൽ ഇതിനുള്ള സംവിധാനം ആദ്യമായി ഏർപ്പെടുത്തിയതു് 1867–ൽ ആണ്. ബ്രിട്ടീഷ് ഇന്ത്യയിലെ അച്ചുക്കൂടങ്ങളും പത്രങ്ങളും രജിസ്റ്റർചെയ്യുന്നതിനും ബ്രിട്ടീഷ് ഇന്ത്യയിൽ അച്ചടിക്കുന്ന പുസ്തകങ്ങൾ രജിസ്റ്റർചെയ്തു സൂക്ഷിക്കുന്നതിനും, ഉദ്ദേശിച്ചുള്ള 'പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട്' എന്ന നിയമം ആ വർഷം നടപ്പിലായി. ഇതനുസരിച്ച്, ബ്രിട്ടീഷ് ഇന്ത്യയിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ഒരു നിശ്ചിതസംഖ്യ പ്രതികൾ ഗവണ്മെൻറ് നിർദേശിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കുവാനുള്ള നിയമബാദ്ധ്യത ബ്രിട്ടീഷ് ഇന്ത്യയിലെ അച്ചുക്കൂടങ്ങളുടെ ഉടമകൾക്കു വന്നുചേർന്നു. ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങൾ സംഭരിച്ചിരുന്നതു് ലണ്ടനിൽ ഉള്ള ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലും ഇന്ത്യാ ഓഫീസ് ലൈബ്രറിയിലും ആണ്. ഗവേഷണത്തിനുവേണ്ടി ഇന്ത്യക്കാരിൽ പലരും ഇപ്പോഴും ലണ്ടനിലേക്കു പോകുന്നതിന്റെ അടിസ്ഥാനകാരണം ഇതാണ്. കൽക്കട്ടയിൽ ഇമ്പീരിയൽ ലൈബ്രറി (പിന്നീട് ഇതു് നാഷണൽ ലൈബ്രറി ആയി) സ്ഥാപിക്കപ്പെട്ടപ്പോഴും ഇന്ത്യയിൽ അടിക്കുന്ന പുസ്തകങ്ങൾ സൂക്ഷിക്കാൻ ലണ്ടനിലേക്ക് അയയ്ക്കുന്ന പതിവു തുടർന്നു. രജിസ്ട്രേഷൻ ആക്ട് ബ്രിട്ടീഷ് ഇന്ത്യയ്ക്കു മാത്രമേ ബാധകമായിരുന്നുള്ളൂ. അതിനാൽ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ അച്ചടിച്ചിരുന്ന പുസ്തകങ്ങൾ സംഭരിക്കാനോ, അവയുടെ കാററലോഗുകൾ ഉണ്ടാക്കാനോ ഒരു ശ്രമവും നടന്നില്ല.

സ്വതന്ത്രഭാരതം ഈ നിലയ്ക്കൊരു മാററം 1954–ൽ വരുത്തി. ആ ആണ്ടിൽ പ്രാബല്യത്തിൽ വന്ന ഡെലിവറി ഓഫ് ബുക്സ് (പബ്ലിക്